**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5980** **25-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്ക് നിക്ഷേപ പലിശ നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | റിസർവ് ബാങ്ക് റിപ്പോ നിരക്കിൽ കുറവ് വരുത്തുന്നതനുസരിച്ച് കേരള ബാങ്കിൽ നിക്ഷേപ പലിശ നിരക്കുകളിൽ കുറവ് വരുത്തേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | റിസർവ് ബാങ്ക് പോളിസി നിരക്കുകളിൽ വ്യതിയാനം വരുത്തുന്നത് രാജ്യത്തെ നിക്ഷേപ - വായ്പാ പലിശകളിലും പ്രതിഫലിക്കും. RBI മാനദണ്ഡപ്രകാരം അതാത് ബാങ്കുകളുടെ ALCO (Asset Liability Committee) പോളിസി നിരക്കുകളോടൊപ്പം ബാങ്കിന്റെ ആസ്തി ബാധ്യത തുലനം ചെയ്ത് നിക്ഷേപ പലിശ നിരക്കുകൾ നിശ്ചയിക്കുകയാണ് ചെയ്യുന്നത്. |
| (ബി) | ഇപ്രകാരം പലിശ നിരക്ക് കുറയ്ക്കുമ്പോൾ പ്രാഥമിക സഹകരണ സംഘങ്ങൾ കേരള ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ പലിശയും കുറയ്ക്കേണ്ടതുണ്ടോ; വ്യക്തമാക്കുമോ; | (ബി) | റിസർവ് ബാങ്കിന്റെ ലൈസൻസിൽ പ്രവർത്തിച്ചു വരുന്ന സഹകരണ ബാങ്കുകൾക്ക് വേണ്ടിയുള്ള 2016 ലെ നിക്ഷേപ സംബന്ധമായ ഉത്തരവിൽ വിവിധ ഇടപാടുകാർ തമ്മിൽ നിക്ഷേപ പലിശയിൽ വിവേചനം പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ റിസർവ് ബാങ്ക് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി കേരള ബാങ്ക് പലിശ നിരക്ക് ക്രമീകരിച്ചിട്ടുണ്ട്. |
| (സി) | നിക്ഷേപത്തിന് പലിശ കുറയുമ്പോൾ പ്രാഥമിക സഹകരണ സംഘങ്ങളും ബാങ്കുകളും പലിശ നിരക്ക് കുറയ്ക്കാൻ നിർബന്ധിതരാകുന്നത് സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണത്തെ ദോഷകരമായി ബാധിക്കുന്നുണ്ടോ; എങ്കിൽ ഈ പ്രവണത എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | 45-ാമത് നിക്ഷേപസമാഹരണ ക്യാമ്പയിൻ നടത്തുന്നതിനായി നിക്ഷേപ സമാഹരണ ക്യാമ്പയിൻ കാലയളവിൽ വായ്പാ സഹകരണ സംഘങ്ങളും/ ബാങ്കുകളും, മിസലേനിയസ് സഹകരണ സംഘങ്ങളും, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് പലിശ വർദ്ധിപ്പിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ